**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5197** **21-07-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ എവിടെയെല്ലാമാണ് കൃഷിഭവനുകൾക്ക് കീഴിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം, കുമ്പള, ചെങ്കള, മുളിയാർ , ബേഡഡുക്ക, ഉദുമ, അജാനൂർ മടിക്കൈ, കോടോംബേളൂർ, കള്ളാർ, വെസ്റ്റ് എളേരി, നീലേശ്വരം എന്നീ കൃഷി ഭവനുകളിലാണ് പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പ്രവർത്തിക്കുന്നത് . |
| (ബി) | പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖാന്തിരം കർഷകർക്ക് നൽകുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ബി) | പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖേന പ്രധാനമായും കൃഷിയിടങ്ങളിലെ രോഗ-കീടബാധ തിരിച്ചറിഞ്ഞ് നിയന്ത്രണമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നു. ഇതിനായി കീടരോഗ നിരീക്ഷണ ക്യാമ്പയിൻ ക്ലിനിക് ഡേ (ആഴ്ചയിലൊരു ദിവസം) കൃഷിയിട സന്ദർശനവും സി.പി.എസ്.എസ്(CPSS) സൈറ്റിലേയ്ക്ക് അപ് ലോഡ് ചെയ്യലും , വാട്സ് ആപ്പ് ഗ്രൂപ്പ മുഖേനയുള്ള ചർച്ചകളും നടത്തി വരുന്നു. കൂടാതെ മണ്ണ് പരിശോധന നടത്തി കർഷകർക്ക് വേണ്ട നിർദ്ദേശവും നൽകുന്നു. ക്ലിനിക്കിലെ , ബയോ ഫാർമസി ലൈബ്രറിയിൽ കൃഷി അനുബന്ധ മേഖലയിലെ പുസ്തകങ്ങൾ ലഭ്യമാക്കുന്നു. വിള നിരീക്ഷണ പത്രിക അച്ചടിക്കലും വിതരണവും Wet & dry പ്രിസർവേഷൻ ഹെർബേറിയം കളക്ഷൻ , എലിനശീകരണ ക്യാമ്പയിനുകൾ എന്നീ സേവനങ്ങളും ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ